# KERALA POLICE INFORMATION CENTRE

Ph: 0471 2318188   Email: *info.pol@kerala.gov.in*

No.163/PR/PIC/PHQ/18   Date : 30.06.2018

## സസ്പെൻഡ് ചെയ്തു

ബൈക്ക് യാത്രക്കാരനിൽ നിന്നും കൈക്കൂലി വാങ്ങിയെന്ന പരാതിയിൽ നെടുമങ്ങാട് ഹൈവേ പട്രോൾ വാഹനത്തിൽ ജോലി ചെയ്തുവരുന്ന സിവിൽ പോലീസ് ഓഫീസർ നവാസിനെ (സി.പി.ഒ. 1999) അന്വേഷണ വിധേയമായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി  പി അശോക് കുമാർ സസ്പെൻഡ് ചെയ്തു. ഇന്നലെ (29.06.2018) വൈകിട്ട് നെടുമങ്ങാട് നിന്നും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബന്ധുവിനെ സന്ദർശിക്കുന്നതിന് ബൈക്കിൽ പോയ യാത്രക്കാരനെ കല്ലമ്പാറ എന്ന സ്ഥലത്ത് ഹൈവേ പട്രോൾ അംഗമായ നവാസ് തടഞ്ഞുനിറുത്തി 700/- രൂപ (എഴുന്നൂറ് രൂപ) കൈക്കൂലി വാങ്ങിയതായാണ് പരാതി. ഇതു സംബന്ധിച്ച്  നെടുമങ്ങാട് ഡി. വൈ. എസ്. പി. നടത്തിയ പ്രാഥമികാന്വേഷണത്തിൽ പരാതിയിൽ  കഴമ്പുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഇതേത്തുടർന്നാണ്  സസ്പെൻഷൻ.

തുടർന്നുള്ള അന്വേഷണത്തിന് ജില്ലാ ക്രൈം ബ്രാഞ്ച് ഡി. വൈ. എസ്. പി.   യെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

********